(ബി) ഈ കുറഞ്ഞ നികുതി നിരക്ക് ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതായതിനാൽ ഉല്പാദകർക്ക് ബുദ്ധിമുട്ടുണ്ടാകില്ല.

(സി) പ്രഥമദൃഷ്ട്യാ നികുതി വെട്ടിപ്പ് തെളിയുന്ന സാഹചര്യങ്ങളിൽ മാത്രമേ വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താറുള്ളൂ. പരിശോധന അനാവശ്യവും അന്യായവും ആയിരുന്നുവെന്ന് തെളിഞ്ഞാൽ അതിന്മേലുള്ള തുടർ നടപടികൾ ഒഴിവാക്കാറുണ്ട്.

## പാസഞ്ചർ വാഹനങ്ങളിലേയും ട്രെയിനുകളിലെയും അനധികൃത സാധനക്കടത്ത്

171 (3325) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ എന്തെല്ലാം സംവിധാനം നിലവിലുണ്ട് ;

(സി) അനധികൃതമായി സാധനങ്ങൾ കടത്തുന്നതിനെതിരെ കർശന നടപടിയെടുക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഓൺലൈനിൽ ഫോം 8 എഫ്/8 എഫ് എ എന്നിവ വഴി വിശദാംശങ്ങൾ മുൻകൂറായി ഡിക്ലയർ ചെയ്യേണ്ടതാണ്. ഇങ്ങനെ ഡിക്ലയർ ചെയ്യാത്ത സാധനങ്ങൾ കൊണ്ടുവരുമ്പോൾ നിയമപ്രകാരം പിഴ ഈടാക്കുന്നുണ്ട്. തീവണ്ടികളിൽക്കൂടി അനധികൃതമായി സാധനങ്ങൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിനുവേണ്ടി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ പാഴ്സൽ ചെക്ക് പോസ്റ്റും എറണാകുളം റെയിൽവേസ്റ്റേഷനിൽ ഒരു ഫെസിലിറ്റേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്. റോൾറോ മുതലായ അന്തർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പാസഞ്ചർ വാഹനങ്ങൾ അതിർത്തി ചെക്ക്പോസ്റ്റുകളിൽ കർശനമായി പരിശോധിക്കുന്നുണ്ട്. പാസഞ്ചർ വാഹനങ്ങൾ വഴി അനധികൃതമായി സാധനങ്ങൾ കടത്തുന്നവർക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരം, ഇത്തരം വാഹനങ്ങൾ ഗുഡ്സ് ഓപ്പറേഷൻ നടത്തുന്നുവെന്ന രീതിയിൽ പെർമിറ്റ് വ്യവസ്ഥകളുടെ ലംഘനമായി കണക്കാക്കി മോട്ടോർ വാഹന വകുപ്പ് പിഴ ഈടാക്കുന്നുണ്ട്. ടൂറിസ്റ്റ് ബസുകളിൽ നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(ബി) പാഴ്സലുകൾ കൊണ്ടുപോകുമ്പോൾ മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 47 (1) അനുശാസിക്കുന്ന രേഖകൾ ഉണ്ടായിരിക്കണം. ശരിയായ രേഖകൾ ഇല്ലാതെ പാഴ്സൽ കൊണ്ടുപോകുന്നതായി കണ്ടെത്തിയാൽ വകുപ്പ് 47(2) പ്രകാരം പിഴ ചുമത്തുന്നതാണ്. ചെക്ക് പോസ്റ്റ് വഴി വരുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ 8F ലും റെയിൽവേ വഴി വരുന്നവ 8F A യിലും ഓൺലൈനായി ഡിക്ലയർ ചെയ്യണമെന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിന് ചെക്ക്പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇത്തരം പ്രവണതകൾക്കെതിരെ മൂല്യവർദ്ധിത നികുതി നിയമത്തിലെ നിലവിലുള്ള വകുപ്പുകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) റെയിൽവേ വഴിയും റോഡ് വഴി പാസഞ്ചർ വാഹനങ്ങളിലും നികുതി വെട്ടിച്ചുള്ള ചരക്ക് കടത്ത് തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ സംസ്ഥാനത്തൊട്ടാകെ ഇന്റലിജൻസ് വിഭാഗം ടൂറിസ്റ്റ് ബസ്, റെയിൽവേ സ്റ്റേഷൻ എന്നിവകളിൽ വിശദമായ പരിശോധന നടത്താറുണ്ട്. ടൂറിസ്റ്റ് ബസ് പരിശോധനയ്ക്കായി ഗതാഗത വകുപ്പിന്റെ സഹകരണവും തേടിയിട്ടുണ്ട്. ഓണം പ്രമാണിച്ച് ഇപ്പോൾ സ്പെഷ്യൽ സ്ക്വാഡുകളുടെ പരിശോധനയും ഏർപ്പെടുത്തിയിട്ടുണ്ട്.

### ഭക്ഷ്യോത്പന്നങ്ങളുടെ അമിത വിലയും വ്യാപാരികളുടെ ചൂഷണവും

172 (3326) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ വരുന്ന ഭക്ഷ്യോല്പന്നങ്ങൾ